# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21 05.03.2012 ൽ മറുപടിയ്ക്ക്**

**കള്ളനോട്ട് തടയുന്നതിന് നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. എം. ആരിഫ്**<br>**ശ്രീ. കെ. കെ. ജയചന്ദ്രൻ**<br>**ശ്രീ. കെ. സുരേഷ് കുറുപ്പ്**<br>**ശ്രീ. ആർ. സെൽവരാജ്** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) സംസ്ഥാനത്ത് കള്ളനോട്ട് നിർമ്മാണവും വ്യാപനവും തടയുന്നതിന് സാദ്ധ്യമായിട്ടുണ്ടോ ; | (എ) കള്ളനോട്ട് നിർമ്മാണം തടയുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ക്രൈംബ്രാഞ്ചിന് കീഴിൽ ഓർഗനൈസ്ഡ് ക്രൈം വിംഗുകൾ (OCW) രൂപീകരിച്ചിട്ടുണ്ട്. ക്രൈംബ്രാഞ്ചിന്റെയും ലോക്കൽ പോലീസിന്റെയും രഹസ്യാന്വേഷണ വിഭാഗത്തിന്റെയും ശക്തവും, ഫലപ്രദവുമായ നടപടികളിലൂടെ സംസ്ഥാനത്ത് കള്ളനോട്ട് നിർമ്മാണവും വ്യാപനവും തടയുന്നതിന് സാധ്യമായിട്ടുണ്ട്. കള്ളനോട്ട് സംബന്ധിച്ച കേസുകളിൽ ഉൾപ്പെടുന്നവർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 489−A, B, C, D, E എന്നീ വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്യുന്നത്. 2008-ലെ നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസി നിയമപ്രകാരം 'ഷെഡ്യൂൾഡ് ഒഫൻസ്' ആയ അത്തരം കേസുകൾ, മേൽനിയമപ്രകാരം നാഷണൽ ഇൻവെസ്റ്റിഗേഷൻ ഏജൻസിയുടെ അന്വേഷണത്തിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്നുണ്ട്. |
| (ബി) കള്ളനോട്ട് നിയന്ത്രണ നടപടികൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഇതിനായുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ യോഗം എപ്പോഴാണ് ചേർന്നത്; | (ബി) കള്ളനോട്ടുകളുടെ നിർമ്മാണം, അച്ചടി, വിതരണം തുടങ്ങിയവ നിരീക്ഷിക്കുന്നതിനും തടയുന്നതിനും ആവശ്യമായ നടപടികൾ വിലയിരുത്തുന്നതിന് ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ യോഗങ്ങൾ ചേരുകയും കള്ളനോട്ടുകളുടെ പ്രചരണം തടയുന്നതിന് എടുത്ത നടപടികൾ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. |

| | |
|---|---|
| (സി) എത്ര കേസുകളുൽ ഇപ്പോൾ അന്വേഷണം നടത്തിവരുന്നുണ്ട്; | (സി) 251 കേസുകളിൽ അന്വേഷണം നടത്തിവരുന്നു. |
| (ഡി) ഏതെല്ലാം കേസുകളിൽ എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യേണ്ട-തായിട്ടുണ്ട്; | (ഡി) ക്രൈംബ്രാഞ്ചിന്റെ കീഴിലുള്ള ഓർഗനൈസ്ഡ് ക്രൈം വിംഗ് -ന്റെ വിവിധ യൂണിറ്റുകൾ അന്വേഷിക്കുന്ന 251 കേസുകളിലെ 563 പ്രതികളിൽ 501 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 62 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യേണ്ടതുണ്ട്. |
| (ഇ) കള്ളനോട്ടുകളുടെ ഉറവിടം സംബന്ധിച്ച് എന്തെങ്കിലും സൂചന ലഭിച്ചിട്ടുണ്ടോ ? | (ഇ) കള്ളനോട്ടുകളുടെ നിർമ്മാണത്തിന് പൊതുവായ ഒരു ഉറവിടം സാധാരണയായി ഉണ്ടാകാറില്ല. ഇത് ഓരോ കേസിലും വ്യത്യസ്തമായതിനാൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അന്വേഷണം പൂർത്തിയാക്കി പ്രതികളുടെ പേരിൽ നിയമനടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ